"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ്- കായംകുളം നഗരസഭയിൽ റവന്യൂ ഇൻസ്പെക്ടറായിരുന്ന ശ്രീ.രാജേഷ് കുമാർ ആർ.സി. സമർപ്പിച്ച പുനപരിശോധനാഹർജി - തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ(ഇയു)വകുപ്പ്**

സ.ഉ.(സാധാ) നം.1338/2022/LSGD തീയതി,തിരുവനന്തപുരം, 30-05-2022

---

പരാമർശം:-

1. 29.09.2021 തീയതിയിലെ സ.ഉ(സാധാ)നം. 1870/2021/തസ്വഭവ.
2. ശ്രീ.രാജേഷ് കുമാർ ആർ.സി.സമർപ്പിച്ച 13.12.2021തീയതിയിലെ പുനപരിശോധനാ ഹർജി
3. നഗരകാര്യ ഡയറക്ടറുടെ 26.04.2022 തീയതിയിലെ വി1-16500/2017 നമ്പർ കത്ത്.

**ഉത്തരവ്**

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ 16/01/2016 ൽ കായംകുളം നഗരസഭയിൽ നടത്തിയ മിന്നൽ പരിശോധനയുടെ അടിസ്ഥാനത്തിൽ ടി നഗരസഭയിലെ ഓഫീസ് അറ്റൻഡന്റ് ശ്രീ. ശശികുമാർ.കെ., റവന്യൂ ഇൻസ്പെക്ടർമാരായിരുന്ന ശ്രീ.രാജേഷ് കുമാർ ആർ.സി., ശ്രീ.രാജേഷ്.ജി. എന്നീ ജീവനക്കാർക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിരുന്നതും ആയത് പരാമർശം 1 പ്രകാരം ടിയാന്മാരുടെ ഒരു വാർഷിക ഇൻക്രിമെന്റ് ആറു മാസത്തേയ്ക്ക് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവ് പുന.പരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ശ്രീ.രാജേഷ് കുമാർ ആർ.സി., പരാമർശം 2പ്രകാരം പുനപരിശോധനാഹർജി സമർപ്പിച്ചിരുന്നു

2. വിജിലൻസ് മിന്നൽ പരിശോധനയിൽ ശ്രീ.രാജേഷ് കുമാർ ആർ.സി. യിൽ നിന്നും 13 അപേക്ഷകളും 10 പരാതികളും നടപടി സ്വീകരിക്കാത്തതായി കണ്ടെത്തിയതിനാലാണ് ടിയാനെതിരെ കുറ്റാരോപണ മെമ്മോ/പത്രിക നൽകിയിരുന്നത്. അപേക്ഷകളിന്മേൽ യഥാസമയം നടപടി സ്വീകരിക്കാത്തത് ജീവനക്കാരുടെ ഭാഗത്തു നിന്നുള്ള വീഴ്ചയായി വിലയിരുത്തിയാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത്.

3. ശ്രീ.രാജേഷ് കുമാർ ആർ.സി ലഭ്യമാക്കിയിട്ടുള്ള അപ്പീൽ അപേക്ഷയിന്മേലുള്ള വാദങ്ങൾ പ്രകാരം താൻ പെന്റിംഗ് വച്ചതായി സൂചിപ്പിച്ചിട്ടുള്ള 23 അപേക്ഷകൾ മനഃപൂർവ്വം നടപടി സ്വീകരിക്കാതെ സൂക്ഷിച്ച ഫയലുകൾ അല്ല. ജമമാറ്റം സംബന്ധിച്ച പ്രസ്തുത അപേക്ഷകളിൽ അപാകതകൾ കണ്ടെത്തിയതു നിമിത്തം ആയത് പരിഹരിക്കുന്നതിനുവേണ്ടി മാറ്റി വച്ചിരുന്ന ഫയലുകളാണ് പെന്റിംഗ് അപേക്ഷകൾ എന്ന വിധം കണ്ടെത്തിയിരുന്നത്. .അപേക്ഷകളിന്മേൽ അന്വേഷണം നടത്തുന്നതിനായി വീടുകളിലെത്തുമ്പോൾ താമസക്കാർ ഇല്ലാതെ പൂട്ടി

കിടന്നതിനാലും, ആവശ്യമായ രേഖകൾ ഹാജരാകാത്തതിനാലും മറ്റും മാറ്റി വച്ചിരുന്ന 13 ഫയലുകളും നികുതി നിർണ്ണയിക്കുന്നതിനു അപേക്ഷകളിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും കൗൺസിലിന്റെയും തീരുമാനത്തിന് വിധേയമായി തീർപ്പാക്കുവാൻ ശേഷിച്ചിരുന്ന 10 ഫയലുകളാണ് പെന്റിംഗ് അപേക്ഷകളായി തിട്ടപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച മേഖലാ ജോയിന്റ് ഡയറക്ടറുടെ റിപ്പോർട്ടിൽ ഈ ഫയലുകളെല്ലാംതന്നെ നിലവിൽ തീർപ്പാക്കിയിട്ടുള്ളതായും മന:പൂർവ്വമായ വീഴ്ചയുണ്ടായിട്ടില്ലായെന്നും അഭിപ്രായപ്പെടുന്നു. വിവിധതരം അപേക്ഷകൾ, നികുതി പിരിവ്, നികുതി നിശ്ചയിച്ച് നൽകൽ, പരാതികളിന്മേൽ അന്വേഷണങ്ങൾ തുടങ്ങിയ വിവിധങ്ങളായ ജോലികളിൽ റവന്യൂ ഇൻസ്പെക്ടർ എന്ന നിലയിൽ അന്വേഷണം നടത്തി റിപ്പോർട്ട് പരമാവധി വേഗത്തിൽ തയ്യാറാക്കിയിട്ടുള്ളതാണ്. വിജിലൻസ് അന്വേഷണത്തിൽ വേറെ തീർപ്പുകൽപ്പിക്കാത്ത ഫയലുകൾ കണ്ടെത്തിയിട്ടില്ല. തനിക്കെതിരേ പൊതുജനങ്ങളിൽ നിന്നോ ജന പ്രതിനിധികളിൽ നിന്നോ യാതൊരു പരാതികളും ഉണ്ടായിട്ടില്ലായെന്നും അച്ചടക്ക നടപടികളോ, ക്രമക്കേടുകളോ ഉണ്ടായിട്ടില്ലായെന്നും ഇൻക്രിമെന്റ് തടഞ്ഞുകൊണ്ടുള്ള ഉത്തരവ് ടിയാനെ മാനസികമായി തളർത്തിയിട്ടുള്ളതാണ് എന്നതിനാൽ ശിക്ഷാവിധികൾ വസ്തുതകളുടെ അടിസ്ഥാനത്തിൽ പുന:പരിശോധിച്ച് കുറ്റവിമുക്തമാക്കണമെന്നും അപേക്ഷിച്ചിരിക്കുന്നു.

4. ശ്രീ.രാജേഷ് കുമാർ ആർ.സി-യുടെ പുന:പരിശോധനാഹർജിയിലെ വാദങ്ങളിൽ നഗരകാര്യഡയറക്ടറുടെ പരാമർശം 3 റിപ്പോർട്ട് പ്രകാരം ടിയാനെതിരെ വേറേ പരാതികളൊന്നും കണ്ടെത്തിയിട്ടില്ലായെന്നും ശിക്ഷാവിധികൾ വസ്തുതകളുടെ അടിസ്ഥാനത്തിൽ പുന:പരിശോധിച്ച് കുറ്റവിമുക്തമാക്കണമെന്ന അപ്പീൽ അപേക്ഷയിലെ ആവശ്യത്തിൽ സർക്കാർ തലത്തിൽ ഉചിതമായ തീരുമാനമെടുക്കാവുന്നതാണെന്ന് അഭിപ്രായപ്പെട്ടിരുന്നു.

5. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിൽ വിജിലൻസ് മിന്നൽ പരിശോധനയിൽ ശ്രീ.രാജേഷ് കുമാർ ആർ.സി.-യ്ക്കെതിരേ കണ്ടെത്തിയ ക്രമക്കേടുകളിൽ ടിയാന്റെ ഭാഗത്ത് മന:പൂർവ്വമല്ലാത്ത വീഴ്ചയുണ്ടായി എന്ന് കണ്ടെത്തിയതിനാലാണ് ടിയാനെതിരായ അച്ചടക്കനടപടി ലഘുശിക്ഷയായ ഒരു വാർഷിക ഇൻക്രിമെന്റ് ആറു മാസത്തേയ്ക്ക് സഞ്ചിതഫല പ്രാബല്യമില്ലാതെ തടഞ്ഞുകൊണ്ട് തീർപ്പാക്കി പരാമർശം 1 പ്രകാരം ഉത്തരവായിട്ടുള്ളത്. പ്രസ്തുത ഉത്തരവ് പുനപരിശോധിക്കുന്നതിനാവശ്യമായ വാദങ്ങളൊന്നും തന്നെ ടിയാന്റെ അപ്പീൽ അപേക്ഷയിൽ കാണുന്നില്ല. മേൽ സാഹചര്യത്തിൽ അച്ചടക്കനടപടി തീർപ്പാക്കിയ പരാമർശം 1 ഉത്തരവ് പ്രകാരമുള്ള ശിക്ഷാവിധി പുന:പരിശോധിക്കണമെന്ന ആവശ്യവുമായി ശ്രീ.രാജേഷ് കുമാർ ആർ.സി.-സമർപ്പിച്ച ഹർജി പരിഗണനാർഹമല്ലെന്ന് കണ്ട് നിരസിച്ച് തീർപ്പാക്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമണി മാത്യു
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ശ്രീ.രാജേഷ് കുമാർ ആർ.സി., റവന്യൂ ഇൻസ്പെക്ടർ, കായംകുളം നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം
സെക്ഷൻ ഓഫീസർ